# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2275 — 19/06/2013 ൽ മറുപടിക്ക്

### കാൻസർ രോഗ ചികിത്സ മെച്ചപ്പെടുത്താൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാൻസർ രോഗം നേരത്തെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സൗകര്യങ്ങൾ എത്രത്തോളമുണ്ടെന്ന് വിശദമാക്കുമോ ; | (എ) | സർക്കാരിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, തലശ്ശേരി, സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ കാൻസർ രോഗം നേരത്തെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ട്. ആർ.സി.സി.യുടെ പെരിഫറൽ സെന്ററുകളായ കൊല്ലം ജില്ലയിലെ നീണ്ടകര, എറണാകുളം ജില്ലയിലെ കലൂർ, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എന്നിവിടങ്ങളിൽ കാൻസർ രോഗം നേരത്തെ കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങളുണ്ട്.<br><br>കേരളത്തിൽ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും, തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിലും കാൻസർ രോഗ ചികിത്സയ്ക്കുള്ള എല്ലാവിധ അത്യാധുനിക സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട് കൂടാതെ കാൻസർ സെന്ററുകളും, മെഡിക്കൽ കോളേജുകളുമില്ലാത്ത 7 ജില്ലകളിലെ ജില്ലാ ആശുപത്രികളിൽ കാൻസർ ചികിത്സയും തുടർ ചികിത്സയും ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ കീഴിൽ കാൻസർ കെയർ പ്രോഗ്രാം ആവിഷ്കരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | രോഗികളുടെ ആധിക്യം കണക്കിലെടുത്ത് ഇത് പര്യാപ്തമാണോ ; | (ബി) | പര്യാപ്തമല്ല. |
| (സി) | എല്ലാ മെഡിക്കൽ കോളേജുകളിലും ആധുനിക സൗകര്യങ്ങളോട് കൂടിയുള്ള കാൻസർ രോഗ ചികിത്സാ വിഭാഗം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | എല്ലാ മെഡിക്കൽ കോളേജുകളിലും കാൻസർ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ഡി) | "National Programme for prevention of CVD Diabetes, Cancer and Stroke" എന്ന ദേശീയ പദ്ധതി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | "National Programme for prevention of CVD Diabetes, Cancer and Stroke" എന്ന ദേശീയ പദ്ധതി കേരളത്തിൽ 2010-ൽ പത്തനംതിട്ട ജില്ലയിൽ ആരംഭിക്കുകയും, 2011-ൽ തൃശ്ശൂർ, കോഴിക്കോട്, ഇടുക്കി, ആലപ്പുഴ ജില്ലകളിൽക്കൂടി നടപ്പിലാക്കുകയുണ്ടായി. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിന്റെ സാങ്കേതിക അനുമതി ആവശ്യമാണ്. 2013-14 സാമ്പത്തിക വർഷത്തിൽ രണ്ടു ജില്ലകളിൽ കൂടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക അനുമതി കേന്ദ്ര സർക്കാരിൽ നിന്നു ലഭിച്ചിട്ടുണ്ട്. ഇപ്പോൾ ഈ പദ്ധതി നടപ്പിലാക്കുന്ന അഞ്ച് ജില്ലകളിൽ പദ്ധതി പ്രകാരമുള്ള സ്ക്രീനിംഗ്, നിയമനങ്ങൾ, കൊറോണറി യൂണിറ്റ്, കാൻസർ കെയർ യൂണിറ്റ് നിർമ്മാണം എന്നിവ സുഗമമായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ